# കേരള സർവകലാശാല

നം.പി.ആർ.120/2019

ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## ടൈംടേബിൾ

സർട്ടിഫിക്കറ്റ് ഇൻ റഷ്യൻ, ഡിപ്ലോമ ഇൻ റഷ്യൻ, സർട്ടിഫിക്കറ്റ് ഇൻ ജർമ്മൻ & ഡിപ്ലോമ ഇൻ ജർമ്മൻ പരീക്ഷകൾ 2019 ജൂൺ 17 നും ഇന്റഗ്രേറ്റഡ് ഡിപ്ലോമ ഇൻ റഷ്യൻ പരീക്ഷ ജൂൺ 21 നും ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ജൂൺ 6, 7 തീയതികളിൽ ബുദ്ധ കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ മുതുകുളം, ന്യൂ ബി.എസ്സ് കോളേജ്, നെല്ലിമൂട് എന്നീ കോളേജുകളിൽ നടത്താനിരുന്ന Research Proposal Presentation and Interface with External Board പരീക്ഷകൾ മാറ്റിവെച്ചിരിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) ഏപ്രിൽ 2019 (സപ്ലിമെന്ററി) കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് ബ്രാഞ്ച് പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 10, 11 തീയതികളിൽ കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരത്തും, ടി.കെ.എം കോളേജ് ഓഫ് എഞ്ചിനീയറിംഗ് കൊല്ലത്തും നടക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പെൻഷൻകാരുടെ ശ്രദ്ധയ്ക്ക്

സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിലേയ്ക്ക് (MEDISEP) പേരു വിവരങ്ങൾ നൽകിയ സർവകലാശാല പെൻഷൻകാർ www.medisep.keralagov.in എന്ന വെബ്സൈറ്റിൽ പ്രവേശിച്ച് status ഓപ്ഷനിൽ

KUTYP<PPO No>, ജനന തീയതി എന്നിവ കൊടുത്ത് ട്രഷറി എന്ന ഓപ്ഷൻ ക്ലിക്ക് ചെയ്ത് Bank for University Pensioner select ചെയ്ത്, രജിസ്റ്റർ ചെയ്തിട്ടുളള വിവരങ്ങളുടെ വ്യക്തത ഉറപ്പു വരുത്തേണ്ടതാണ്. വിവരങ്ങൾ പൂർണ്ണമായും ലഭ്യമല്ലെങ്കിലോ, പേരുകളിൽ തെറ്റുണ്ടെങ്കിലോ, പേരുകൾ വിട്ടുപോയിട്ടുണ്ടെങ്കിലോ, മറ്റു വിവരങ്ങൾക്കോ 10.06.2019, 5 PM നു മുൻപായി സർവകലാശാല പെൻഷൻ സെക്ഷനിൽ നേരിട്ട് ബന്ധപ്പെടേണ്ടതാണ്.

## പ്രോജക്ട്

വിദൂര വിദ്യാഭ്യാസ വിഭാഗം പ്രോജക്ട് ചെയ്യുവാനാഗ്രഹിക്കുന്ന നാലാം സെമസ്റ്റർ എം.എ ഇംഗ്ലീഷ് വിദ്യാർത്ഥികൾ ബന്ധപ്പെട്ട രേഖകൾ (www.ideku.net) ൽ ലഭ്യമാണ്. ജൂൺ 10 (പാളയം സെന്റർ), ജൂൺ 16 (കൊല്ലം സെന്റർ) എന്നീ തീയതികളിൽ കോ-ഓർഡിനേറ്റർക്കു സമർപ്പിക്കേണ്ടതാണ്. സമയം 10 a.m – 1 p.m

## ഇന്റേണൽ മാർക്ക്

വിദൂര വിദ്യാഭ്യാസ വിഭാഗം നടത്തുന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.എ മലയാളം, എം.എ പൊളിറ്റിക്കൽ സയൻസ് 2017 ബാച്ചിന്റെ ഇന്റേണൽ മാർക്കുകൾ www.ideku.net എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പരാതികൾ 15 ദിവസത്തിനകം കോ-ഓർഡിനേറ്റർക്ക് സമർപ്പിക്കണം.

## പരീക്ഷാഫലം

2019 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.പി.എ (വോക്കൽ/വീണ/വയലിൻ/മൃദംഗം/ഡാൻസ്) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 12 വരെ അപേക്ഷിക്കാം.

വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രം ഡിസംബർ 2018, ഫെബ്രുവരി 2019 ൽ നടത്തിയ ഒന്നും രണ്ടും വർഷ എം.എ പബ്ലിക് അഡ്മിനിസ്ട്രേഷൻ സപ്ലിമെന്ററി പരീക്ഷാഫലം വെബ്സൈറ്റിൽ. മാർക്ക്ലിസ്റ്റുകൾ ജൂൺ 10 ന് ശേഷം ഇ.ജി v സെക്ഷനിൽ നിന്നും കൈപ്പറ്റേണ്ടതാണ്.

## പരീക്ഷാഫീസ്

ജൂലൈ 10 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി പരീക്ഷകൾക്ക് പിഴകൂടാതെ ജൂൺ 12 വരെയും 50 രൂപ പിഴയോടെ ജൂൺ 14 വരെയും 125 രൂപ പിഴയോടെ ജൂൺ 17 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## കേരള സർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം 2019
## ഒന്നാം ഘട്ട അലോട്ട്മെന്റ്

സർവകലാശാലയുടെ 2019-20 അദ്ധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് (http://admissions.keralauniversity.ac.in) എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് അപേക്ഷാനമ്പറും പാസ്‌വേർഡും ഉപയോഗിച്ച് ലോഗ് ഇൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അഡ്മിഷൻ വെബ്സൈറ്റിൽ ലോഗ് ഇൻ ചെയ്ത് നിശ്ചിത സർവകലാശാല ഫീസ് (ഫീസ് വിശാദാംശങ്ങൾ വെബ്സൈറ്റിൽ) ജൂൺ 9-ന് വൈകുന്നേരം 5 മണിയ്ക്കകം ഓൺലൈനായി ഒടുക്കി തങ്ങളുടെ അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്. ഓൺലൈനായി ഫീസ് ഒടുക്കിയ ശേഷം ലഭ്യമാകുന്ന വിവരങ്ങൾ അടങ്ങിയ പേജിന്റെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.

മേൽപറഞ്ഞ രീതിയിൽ സർവകലാശാല ഫീസ് ഒടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ അടുത്ത അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിൽ പോലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതിനായി സർവകലാശാല ഫീസ് മേൽപറഞ്ഞ രീതിയിൽ അടയ്ക്കേണ്ടതാണ്. ഒന്ന്, രണ്ട്, മൂന്ന് ഘട്ടം അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ചവർ മൂന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചതിന് ശേഷം മാത്രം കോളേജുകളിൽ ഹാജരായാൽ മതി. തങ്ങൾക്ക് ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ സർവകലാശാല ഫീസ് ഒടുക്കി അലോട്ട്മെന്റ് ഉറപ്പാക്കിയ ശേഷം ആവശ്യമെങ്കിൽ അവരുടെ ഹയർ ഓപ്ഷനുകൾ ജൂൺ 9 വൈകിട്ട് 5 മണി വരെ നീക്കം ചെയ്യാവുന്നതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ അടുത്ത അലോട്ട്മെന്റിൽ ആ ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കുന്നതും ഇങ്ങനെയുള്ളവർ പുതിയ അലോട്ട്മെന്റിൽ ലഭിക്കുന്ന സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

<u>പ്രത്യേക കുറിപ്പ്:</u> (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## സ്പോർട്സ്/കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ കോളേജുകളിലും സ്പോർട്സ് ക്വാട്ടയിലേയ്ക്കും, എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ടയിലേയ്ക്കുള്ള രജിസ്ട്രേഷന് വേണ്ടിയുള്ള സൈറ്റ് 16.06.2019 മുതൽ ലഭ്യമാക്കുന്നതാണ്. കൂടുതൽ വിശദാംശങ്ങൾ പീന്നീട് അറിയിക്കുന്നതാണ്.

<u>പ്രത്യേക കുറിപ്പ്:</u> (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## <u>ഒന്നാം വർഷ ബിരുദ/ബിരുദാനന്തര ബിരുദ പ്രവേശനം 2019</u>
## <u>പ്രിൻസിപ്പൽമാരുടെ യോഗം 10.06.2019–ന്</u>

ഒന്നാം വർഷ ബിരുദ/ബിരുദാനന്തര ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ പ്രിൻസിപ്പൽമാരുടെയും, അഡ്മിഷൻ കോ–ഓർഡിനേറ്റർമാരുടെയും യോഗം 10.06.2019 തിങ്കളാഴ്ച്ച സർവകലാശാല ആസ്ഥാനത്തുള്ള സെനറ്റ് ചേംബറിൽ വച്ച് നടത്തുന്നതാണ്. സർക്കാർ/എയ്ഡഡ് കോളേജുകളുടേത് രാവിലെ 11 മണിയ്ക്കും, സ്വാശ്രയ/യു.ഐ.റ്റി/ ഐ.എച്ച്.ആർ.ഡി എന്നിവയുടേത് ഉച്ചയ്ക്ക് 2 മണിയ്ക്കുമാണ് നടത്തുന്നത്. എല്ലാ കോളേജുകൾക്കും ഇ–മെയിൽ അയച്ചിട്ടുണ്ട്. ഏതെങ്കിലും കാരണവശാൽ ഇ–മെയിൽ ലഭിക്കാതെ വന്നാൽ ഈ പത്രക്കുറിപ്പ് അറിയിപ്പായി കരുതി പ്രസ്തുത യോഗത്തിൽ കൃത്യ സമയത്ത് പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

<u>പ്രത്യേക കുറിപ്പ്:</u> (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

തിരുവനന്തപുരം,
04–06–2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ – ചാർജ്)

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**